# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2138
18.06.2012 – ലെ മറുപടിക്ക്

## ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണം

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. കെ.എം. മാണി<br>(ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ഇ.എം.എസ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി നൽകുകയും ചെയ്തിരുന്നുവെങ്കിലും ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ? | ഇ.എം.എസ് സ്റ്റേഡിയം നിർമ്മാണത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകി എങ്കിലും 2010 – 11 സാമ്പത്തിക വർഷത്തിൽ Token Provision മാത്രമാണ് ബഡ്ജറ്റിൽ ഉണ്ടായിരുന്നത്. 2011 - 12 സാമ്പത്തിക വർഷത്തിൽ "2204 - 00 - 104 - 11 - E.M.S Stadium Neeleswaram - [P]" എന്ന ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. Final Supplementary Demands For Grants ഉം കഴിഞ്ഞ സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതിന് ഭരണ വകുപ്പിനോട് നിർദ്ദേശിച്ചിരുന്നു. 2012 - 13, 2013 - 14 സാമ്പത്തിക വർഷങ്ങളിൽ പ്ലാനിംഗ് ബോർഡ് പദ്ധതി വിഹിതം അനുവദിച്ചിട്ടില്ല.<br>റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അനുമതിയ്ക്കായും ഫയൽ ഈ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല.<br>ഈ കാരണങ്ങളാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ